REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 04-02-2026 സമയം 12.30 PM

---

## പ്രധാന വാർത്തകൾ

- **ഇന്ത്യ - US കരാർ സംബന്ധിച്ച് പാർലമെന്റിൽ ഇന്നും പ്രതിപക്ഷ പ്രതിഷേധം.**
- **നിയമസഭയിൽ ബജറ്റിന്മേൽ പൊതു ചർച്ച പുരോഗമിക്കുന്നു.**
- **കേരളത്തിന് അർഹതപ്പെട്ട നീതി ഉറപ്പാക്കണമെന്ന് കേന്ദ്ര ഗവണ്മെന്റിനോട് ആവശ്യപ്പെടുന്ന പ്രമേയം, മുഖ്യമന്ത്രി പിണറായി വിജയൻ നിയമസഭയിൽ അവതരിപ്പിച്ചു.**
- **തിരുവനന്തപുരം കിഴക്കേക്കോട്ടയിൽ KSRTC, ആശുപത്രി തുടങ്ങുമെന്ന് മന്ത്രി K.B ഗണേഷ് കുമാർ.**
- **ICC അണ്ടർ-19 ഏകദിന ലോകകപ്പ് ക്രിക്കറ്റ് രണ്ടാം സെമിഫൈനലിൽ,ഇന്ത്യ-അഫ്ഗാനിസ്ഥാൻ മത്സരം ഉച്ചയ്ക്ക്.**

## വാർത്തകൾ വിശദമായി

ഇന്ത്യ - US കരാർ സംബന്ധിച്ച് പാർലമെന്റിൽ ഇന്നും പ്രതിപക്ഷ പ്രതിഷേധം. ലോക്സഭ ഉച്ചയ്ക്ക് രണ്ട് വരെ നിർത്തിവെച്ചു. പ്രതിഷേധത്തിനിടെ ഇന്ത്യ US കരാറിൽ ഗവൺമെന്റ് നിലപാട് വ്യക്തമാക്കി കേന്ദ്രമന്ത്രി പിയൂഷ് ഗോയൽ പ്രസ്താവന നടത്തി.

രാജ്യസഭയിലും സമാന വിഷയത്തിൽ പ്രതിപക്ഷം പ്രതിഷേധിച്ചു.

രാഷ്ട്രപതിയുടെ അഭിസംബോധനയിൽ നന്ദിപ്രമേയ ചർച്ചകൾക്ക് പ്രധാനമന്ത്രി നരേന്ദ്രമോദി വൈകിട്ട് ലോക്സഭയിൽ മറുപടി നൽകും.

✪✪✪

നിയമസഭയിൽ ബജറ്റിന്മേൽ പൊതു ചർച്ച പുരോഗമിക്കുന്നു. എട്ട് പേരാണ് ചർച്ചയിൽ ഇന്ന് പങ്കെടുക്കുന്നത്. തിങ്കളാഴ്ച തുടങ്ങിയ ചർച്ച ഇന്ന് അവസാനിക്കും.

കേരളത്തിന് അർഹതപ്പെട്ട നീതി ഉറപ്പാക്കണമെന്ന് കേന്ദ്ര ഗവണ്മെന്റിനോട് ആവശ്യപ്പെടുന്ന പ്രമേയം, മുഖ്യമന്ത്രി പിണറായി വിജയൻ സഭയിൽ അവതരിപ്പിച്ചു. സംസ്ഥാനത്തോട് കാണിക്കുന്ന അവഗണന ജനാധിപത്യത്തെ സംശയിക്കാൻ പഴുതു നൽകുന്നതാണെന്ന് മുഖ്യമന്ത്രി പറഞ്ഞു. രാജ്യത്തിന്റെ എല്ലാ ഭാഗങ്ങളുടെയും സമതുലിത വികസനത്തിലൂടെ മാത്രമേ രാജ്യത്തിന്റെ പൊതുവികസനം സാധ്യമാകൂ എന്നും പിണറായി വിജയൻ പ്രമേയം അവതരിപ്പിക്കവെ പറഞ്ഞു.

✪✪✪

ശബരിമല സ്വർണക്കൊള്ളക്കേസ് വിഷയത്തിൽ പ്രതിപക്ഷം നിയമസഭ ബഹിഷ്കരിച്ചു. സഭ സമ്മേളിച്ചപ്പോൾ പ്ലക്കാർഡുകൾ ഉയർത്തി പ്രതിപക്ഷ അംഗങ്ങൾ നടുത്തളത്തിലേക്കിറങ്ങി.

ശബരിമല സ്വർണ്ണക്കൊള്ള കേസിൽ സമരം തുടരുമെന്ന് പ്രതിപക്ഷ നേതാവ് VD സതീശൻ പറഞ്ഞു. വാച്ച് & വാർഡിനെ പ്രതിപക്ഷ അംഗങ്ങൾ മർദ്ദിച്ചെന്ന മുഖ്യമന്ത്രിയുടെ പ്രസ്താവന പിൻവലിക്കണമെന്നും സഭ ബഹിഷ്ക്കരിക്കുന്നതിന് മുമ്പ് അദ്ദേഹം ആവശ്യപ്പെട്ടു.

ചെയറിനെ പ്രതിപക്ഷം അന്ധരാക്കിയെന്ന് മന്ത്രി MB രാജേഷ് പറഞ്ഞു. സഭയിൽ പ്രതിപക്ഷാംഗങ്ങളുടെ പ്രവൃത്തിയിൽ VD സതീശന് ഇരട്ടത്താപ്പാണെന്നും അദ്ദേഹം കുറ്റപ്പെടുത്തി.

മുതിർന്ന കോൺഗ്രസ് നേതാവായ സോണിയ ഗാന്ധിക്ക് ഒപ്പം സ്വർണ്ണകൊള്ള കേസിലെ പ്രതികൾ ഫോട്ടോ എടുത്തത് എങ്ങനെ എന്ന് മന്ത്രി P രാജീവ് ചോദിച്ചു. പ്രതിപക്ഷം അതിൽ വ്യക്തത വരുത്തണമെന്നും രാജീവ് നിയമസഭയിൽ ആവശ്യപ്പെട്ടു.

✪✪✪

BJP നേതൃത്വത്തെ പ്രീതിപ്പെടുത്തുന്നതിനാണ് CPIM നിയമസഭയിൽ കോൺഗ്രസ് നേതാക്കളായ സോണിയഗാന്ധിയെയും, പ്രിയങ്കഗാന്ധിയെയും അധിക്ഷേപിക്കുന്നത് എന്ന് VD സതീശൻ നിയമസഭയ്ക്ക് പുറത്തു മാധ്യമങ്ങളോട് പറഞ്ഞു. ശബരിമല സ്വർണ്ണക്കൊള്ള കേസിലെ പ്രതികൾക്കെതിരെ തെളിവ് ശേഖരിക്കുന്നത് വരെ ശക്തമായി പ്രതിഷേധിക്കുമെന്നും അദ്ദേഹം പറഞ്ഞു.

കേസിലെ പ്രതികൾ പുറത്തിറങ്ങാൻ പോവുകയാണെന്നും SIT ഉദ്യോഗസ്ഥർക്ക് സ്വതന്ത്രമായി പ്രവർത്തിക്കാൻ കഴിയാത്ത സാഹചര്യമാണെന്നും പ്രതിപക്ഷ നേതാവ് പറഞ്ഞു.

✪✪✪

കേന്ദ്ര ബജറ്റിൽ കേരളത്തോട് കാണിച്ച അവഗണനയ്ക്കെതിരെ കോൺഗ്രസ്സ് പ്രതിഷേധിച്ചില്ലെന്നും BJP യുടെ B ടീമായി അവർ മാറിയെന്നും മന്ത്രി MB രാജേഷ് പറഞ്ഞു. സോണിയ ഗാന്ധിയെ അധിക്ഷേപിച്ചു എന്ന പ്രതിപക്ഷ നേതാവ് V.D സതീശന്റെ ആരോപണം വസ്തുതാവിരുദ്ധമാണെന്നും, ഭരണപക്ഷം വ്യക്തി അധിക്ഷേപം നടത്തിയിട്ടില്ലെന്നും മന്ത്രി നിയമസഭ മീഡിയ റൂമിൽ മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

സംസ്ഥാനത്ത് വയോമിത്രം പദ്ധതി വിജയകരമായി നടപ്പാക്കി വരുന്നുണ്ടെന്ന് മന്ത്രി ഡോ R ബിന്ദു നിയമസഭയിൽ പറഞ്ഞു. വയോമിത്രം പദ്ധതി എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിലേക്കും വ്യാപിപ്പിക്കാൻ നടപടി സ്വീകരിച്ചു വരികയാണെന്ന് മന്ത്രി അറിയിച്ചു. എല്ലാ വയോജനങ്ങൾക്കും പദ്ധതിയുടെ പ്രയോജനം ലഭ്യമാക്കുന്ന സാധ്യത പരിശോധിച്ചു വരികയാണെന്നും മന്ത്രി ചോദ്യോത്തരവേളയിൽ പറഞ്ഞു.

✪✪✪

ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട ഒന്ന് മുതൽ എട്ട് വരെ ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് മാർഗ ദീപം പ്രീ മെട്രിക് സ്കോളർഷിപ്പ് പദ്ധതിയിലൂടെ 18 കോടി 84 ലക്ഷം രൂപ വിനിയോഗിച്ചുവെന്ന് മന്ത്രി V അബ്ദുറഹിമാൻ നിയമസഭയിൽ പറഞ്ഞു. നടപ്പ് സാമ്പത്തിക വർഷം ഒരു ലക്ഷത്തി 25,649 വിദ്യാർത്ഥികൾക്കാണ് വിതരണം ചെയ്തത്.

പുതിയ ബജറ്റിൽ വിഹിതം 22 കോടിയായി വർധിപ്പിച്ചുവെന്നും മന്ത്രി ചോദ്യോത്തരവേളയിൽ പറഞ്ഞു.

✪✪✪

ഇന്ന് ലോക കാൻസർ ദിനം. കാൻസറിനെക്കുറിച്ച് അവബോധം വളർത്താനും രോഗത്തിന്റെ പ്രതിരോധം, മുൻകൂട്ടി കണ്ടെത്തൽ, ചികിത്സ എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനുമാണ് 2000 ഫെബ്രുവരി 4 മുതൽ ലോക കാൻസർ ദിനം ആചരിക്കുന്നത്. കാൻസറുമായി ബന്ധപ്പെട്ട രോഗങ്ങളും മരണവും ഗണ്യമായി കുറയ്ക്കുക എന്നതാണ് ദിനാചരണ ലക്ഷ്യം.

“United by Unique" എന്നതാണ് ഈ വർഷത്തെ ദിനാചരണ പ്രമേയം.

✪✪✪

കാൻസറിനെ അതിജീവിച്ചവരെ പിന്തുണയ്ക്കാനും, ആരോഗ്യകരമായ സമൂഹത്തിന് പതിവു പരിശോധന പ്രോത്സാഹിപ്പിക്കാനും ഓർമ്മപ്പെടുത്തലാണ് ലോക കാൻസർ ദിനമെന്ന് കേന്ദ്രമന്ത്രി JP നദ്ദ പറഞ്ഞു. എല്ലാ ജില്ലകളിലും കാൻസർ ഡേകെയർ യൂണിറ്റുകൾ സ്ഥാപിക്കുന്നതും, പ്രധാന കാൻസർ മരുന്നുകൾക്ക് കസ്റ്റംസ് തീരുവ ഒഴിവാക്കുന്നതും രോഗികൾക്ക് വലിയ ആശ്വാസം നൽകുമെന്ന് അദ്ദേഹം സാമൂഹിക മാധ്യമത്തിൽ കുറിച്ചു. ആയുഷ്മാൻ ആരോഗ്യ മന്ദിർ വഴി നടത്തുന്ന പരിശോധന, രോഗം നേരത്തെ കണ്ടെത്താനും സമയബന്ധിത ചികിത്സയ്ക്കും വഴിയൊരുക്കുമെന്ന് JP നദ്ദ അറിയിച്ചു.

✪✪✪

ശബരിമല സ്വർണ്ണക്കൊള്ള കേസിൽ മുഖ്യപ്രതി ഉണ്ണികൃഷ്ണൻ പോറ്റിയുടെ ജാമ്യഹർജി വിധി പറയാൻ മാറ്റി. കട്ടിളപ്പാളി കേസിലെ ജാമ്യ ഹർജിയിലാണ് കൊല്ലം വിജിലൻസ് കോടതിയിൽ വാദം പൂർത്തിയായത്. ദ്വാരപാലക കേസിൽ പോറ്റിക്ക് നേരത്തേ ജാമ്യം ലഭിച്ചിരുന്നു. കോടതി ഇന്ന് തന്നെ വിധി പറഞ്ഞേക്കും.

വിജിലൻസ് കോടതിയിൽ ഹാജരാക്കിയ ഉണ്ണികൃഷ്ണൻ പോറ്റിയുടെ റിമാൻഡ് 14 ദിവസത്തേക്ക് നീട്ടിയിട്ടുണ്ട്.

✪✪✪

ബേപ്പൂരിൽ PV അൻവർ UDF സ്ഥാനാർത്ഥിയാകുന്നതിൽ LDF ന് പ്രശ്നമില്ലെന്ന് CPIM സംസ്ഥാന സെക്രട്ടറി MV ഗോവിന്ദൻ പറഞ്ഞു. LDF വികസന മുന്നേറ്റ ജാഥയുടെ ഭാഗമായി കണ്ണൂർ മട്ടന്നൂരിൽ മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. അൻവറിന്റെ കാര്യത്തിൽ അഭിപ്രായം പറയേണ്ട കാര്യമില്ലെന്നും MV ഗോവിന്ദൻ അറിയിച്ചു.

നിയമസഭയിൽ കേന്ദ്ര ബജറ്റിനെതിരെ ചർച്ച ചെയ്യാൻ മുഖ്യമന്ത്രിയും ഭരണപക്ഷവും തയ്യാറായപ്പോൾ പ്രതിപക്ഷം ഒളിച്ചോടുകയായിരുന്നുവെന്ന് അദ്ദേഹം ആരോപിച്ചു.

✪✪✪

നിയമസഭാ തെരഞ്ഞെടുപ്പിൽ സംസ്ഥാനത്തെ പ്രവർത്തകരെ സജ്ജമാക്കുന്നത് ലക്ഷ്യമിട്ട് പ്രതിപക്ഷ നേതാവ് VD സതീശൻ നയിക്കുന്ന UDF ന്റെ പുതുയുഗ യാത്രക്ക് മറ്റന്നാൾ കാസർകോട് കുമ്പളയിൽ തുടക്കമാകും.

വെള്ളിയാഴ്ച വൈകിട്ട്  AICC ജനറൽ സെക്രട്ടറി KC.വേണുഗോപാൽ യാത്ര ഉദ്ഘാടനം ചെയ്യും. രാത്രി ഏഴിന് കാസർകോട് മണ്ഡലത്തിലാണ് ആദ്യ സ്വീകരണം.

✪✪✪

KSRTC തിരുവനന്തപുരം കിഴക്കേക്കോട്ടയിൽ ആശുപത്രി തുടങ്ങുമെന്ന് മന്ത്രി K B  ഗണേഷ് കുമാർ നിയമസഭയിൽ അറിയിച്ചു.  പാവപ്പെട്ട രോഗികൾക്ക് കുറഞ്ഞ നിരക്കിൽ  ചികിത്സാ സൗകര്യം ഒരുക്കുന്ന ആശുപത്രിയിൽ, പത്തു പേർക്ക് ഒരേ സമയം ഡയാലിസിസ് ചെയ്യാൻ സാധിക്കുമെന്നും മന്ത്രി പറഞ്ഞു. KSRTC ജീവനക്കാർക്ക്  പുറമെ, പൊതുജനങ്ങൾക്കും ആശുപത്രി സൗകര്യം ഉപയോഗപ്പെടുത്താം. സംസ്ഥാനത്ത് സ്വകാര്യ ബസുകളുമായി അനാരോഗ്യകരമായ മത്സരത്തിന് KSRTC തയ്യാറല്ലെന്നും മന്ത്രി അറിയിച്ചു.

ബസ് റൂട്ട് ഇല്ലാത്ത മലയോരമേഖലകളിലും ആദിവാസി മേഖലകളിലും സർവീസ് നടത്തിയതിലൂടെ KSRTC യുടെ വരുമാനം വർധിച്ചതായും, ദീർഘ ദൂര സർവീസുകളിൽ KSRTC യാണ് മുന്നിലെന്നും മന്ത്രി നിയമസഭയിൽ പറഞ്ഞു.

✪✪✪

റിസർവ് ബാങ്കിന്റെ മൂന്ന് ദിവസത്തെ പണനയ അവലോകനയോഗം ഇന്ന്. RBI ഗവർണർ സഞ്ജയ് മൽഹോത്രയുടെ അധ്യക്ഷതയിൽ ചേരുന്ന ആറംഗ സമിതിയുടെ തീരുമാനം വെള്ളിയാഴ്ച പ്രഖ്യാപിക്കും. റിപോ നിരക്ക് കഴിഞ്ഞ ഫെബ്രുവരി മുതൽ കുറച്ചതിനാൽ ഈ മാസം വീണ്ടും കുറക്കാൻ സാധ്യതയില്ലെന്നാണ് സാമ്പത്തിക വിദഗ്ധരുടെ വിലയിരുത്തൽ.

✪✪✪

ആദ്യ മുഖ്യമന്ത്രി EMS നമ്പൂതിരിപ്പാടിന്റെ സ്മരണാർത്ഥം  EMS സ്മൃതി മ്യൂസിയം മുഖ്യമന്ത്രി പിണറായി വിജയൻ വൈകിട്ട് ഉദ്ഘാടനം ചെയ്യും. നിയമസഭാ മ്യൂസിയം അങ്കണത്തിൽ സ്പീക്കർ AN ഷംസീർ അധ്യക്ഷനാകും.

നിയമസഭയിലെ G. കാർത്തികേയൻ മ്യൂസിയത്തിലാണ്  EMS സ്മൃതി സജ്ജമാക്കിയിരിക്കുന്നത്.

✪✪✪

സമൂഹത്തിൽ മാനവികതയും മനുഷ്യ സ്നേഹവും പകരുന്നവയാണ് പുഷ്പോത്സവം പോലെ ജനകീയ മുന്നേറ്റങ്ങൾ എന്ന് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി പറഞ്ഞു.  കണ്ണൂർ പുഷ്പോത്സവത്തിന്റെ സമാപന സമ്മേളനം പൊലീസ് മൈതാനിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

ഇത്തരം കൂട്ടായ്മകൾ  ജാതി, മത, രാഷ്ട്രീയ, സങ്കുചിത ചിന്തകൾക്ക് അതീതമായ സന്ദേശം സമൂഹത്തിന് നൽകുമെന്നും മന്ത്രി അഭിപ്രായപ്പെട്ടു.

✪✪✪

സ്വർണ്ണവില ഇന്നും വർദ്ധിച്ചു. പവന് 4,840 രൂപ കൂടി ഒരു ലക്ഷത്തി 17,720 രൂപയായി. 14,715 രൂപയാണ് ഗ്രാമിന് വില.

✪✪✪

ഹരാരെയിൽ ICC അണ്ടർ-19 ഏകദിന ലോകകപ്പ് ക്രിക്കറ്റ് രണ്ടാം സെമിഫൈനലിൽ, ഇന്ത്യ ഇന്ന് അഫ്ഗാനിസ്ഥാനെ നേരിടും. ഉച്ചയ്ക്ക് ഒന്നിനാണ് മത്സരം. വെള്ളിയാഴ്ച ഫൈനലിൽ ഇംഗ്ലണ്ടിനെതിരെ സെമിഫൈനൽ വിജയി ഏറ്റുമുട്ടും.

ബുലവായോയിൽ ആദ്യ സെമിഫൈനലിൽ ഇംഗ്ലണ്ടിനെതിരെ 27 റൺസിന്റെ തോൽവിയോടെ നിലവിലെ ചാമ്പ്യന്മാരായ ഓസ്ട്രേലിയ, ലോകകപ്പിൽ നിന്ന് പുറത്തായി.

✪✪✪

സന്തോഷ് ട്രോഫി ഫുട്ബോൾ സെമിഫൈനലിൽ കേരളം നാളെ പഞ്ചാബിനെ നേരിടും. നാളെ ഒന്നരയ്ക്ക് അസമിലാണ് മത്സരം. ഇന്നലെ ക്വാർട്ടർ ഫൈനലിൽ അസമിനെ മൂന്നു ഗോളിന് തകർത്താണ് കേരളം സെമിയിൽ പ്രവേശിച്ചത്.

നാളെ മറ്റൊരു സെമിയിൽ സർവ്വീസസ്, റെയിൽവെയ്സിനെ നേരിടും.

✪✪✪

വഡോദരയിൽ വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റിൽ ഡൽഹി ക്യാപിറ്റൽസ്, ഗുജറാത്ത് ജയന്റ്സിനെ ഏഴ് വിക്കറ്റിന് പരാജയപ്പെടുത്തി. 169 റൺസ് വിജയലക്ഷ്യം പിന്തുടർന്ന ഡൽഹി 15.4 ഓവറിൽ 3 വിക്കറ്റ് നഷ്ടത്തിൽ 169 റൺസെടുത്തു.

നാളെ അവസാന മത്സരത്തിൽ ഡൽഹി, ബെംഗലൂരുവിനെ നേരിടും.

✪✪✪

മഹിളാ  മോർച്ച കണ്ണൂർ നോർത്ത് ജില്ലാ കമ്മറ്റി സംഘടിപ്പിക്കുന്ന മഹിളാ സംഗമം ഉച്ചയ്ക്ക് കണ്ണൂർ മാരാർജി ഭവനിൽ BJP സംസ്ഥാന ജനറൽ സെക്രട്ടറി ശോഭാ സുരേന്ദ്രൻ ഉദ്ഘാടനം ചെയ്യും. വൈകീട്ട്, പാർട്ടി അഴീക്കോട് മണ്ഡലം കമ്മറ്റി നീർക്കടവിൽ സംഘടിപ്പിക്കുന്ന ജനാധിപത്യ സംരക്ഷണ സദസും അവർ ഉദ്ഘാടനം ചെയ്യും.

✪✪✪

ജല - അനുബന്ധ മേഖലയിലെ സ്റ്റാർട്ടപ്പുകൾക്കും സംരംഭകർക്കും, ഗവേഷകർക്കും കുന്ദമംഗലം CWRDM സന്ദർശിക്കാൻ കേരള സ്റ്റാർട്ടപ്പ് മിഷൻ അവസരമൊരുക്കുന്നു. മറ്റന്നാൾ രാവിലെ മുതൽ വൈകിട്ട് നാല് വരെയാണ് സന്ദർശനം. ആദ്യം രജിസ്റ്റർ ചെയ്യുന്ന 50 പേർക്ക് 250 രൂപ പ്രവേശന ഫീസോടുകൂടി സന്ദർശിക്കാനാണ് അനുമതി.

✪✪✪

ഗുരുവായൂർ ക്ഷേത്ര നട, ദേവസ്വം താലപ്പൊലിയോട് അനുബന്ധിച്ച് മറ്റന്നാൾ രാവിലെ പതിനൊന്നരയ്ക്ക് അടയ്ക്കും. ശേഷം വൈകിട്ട് നാലരയ്ക്ക് തുറക്കും. വിവാഹം, ചോറൂൺ, തുലാഭാരം എന്നിവ അതിനിടയിൽ നടത്തില്ല. ക്ഷേത്രം ശീവേലിപ്പുരയുടെ അറ്റകുറ്റപ്പണി നടത്തുന്നതിനാൽ വെള്ളിയാഴ്ച വരെ ശയന പ്രദക്ഷിണം, അടിപ്രദക്ഷിണം എന്നിവ അനുവദിക്കില്ല.

✪✪✪

കേരള ലോകായുക്ത ഈ മാസം 10 നും 11 നും, രാവിലെ തൃശൂരിലും കോട്ടയത്തും ക്യാമ്പ് സിറ്റിങ് നടത്തും. ലോകായുക്ത ജസ്റ്റിസ് N. അനിൽ കുമാർ, ഉപ ലോകായുക്ത ജസ്റ്റിസ് അശോക് മേനോൻ എന്നിവർ നേതൃത്വം നൽകും.

✪✪✪

---

*News Editor : വി കെ സുരേഷ്*
*News Reader :സബിത കെ*
*NRTs: അനുഷ ആത്മപ്രകാശ്, നിമിഷ ജി*
*DEO: ഷീബ*